കേരള സാഹിത്യ അക്കാദമി
പി.ബി.നമ്പർ 501, ടൗൺ ഹാൾ റോഡ്, തൃശൂർ 680020, ഫോൺ&ഫാക്സ് 0487 2331069 , 2331103
ഇ.മെയിൽ: keralasahityaakademi@gmail.com വെബ്സൈറ്റ്: www keralasahityaakademi.org

27.11.2017

**പത്രക്കുറിപ്പ്:**

# വിവേകാനന്ദ സ്പർശം

## സാംസ്കാരികസമ്മേളനം സാഹിത്യ അക്കാദമിയിൽ

ഇന്ത്യൻ നവോത്ഥാനപ്രസ്ഥാനത്തിന് മഹത്തായ സംഭാവനകൾ നൽകിയ സ്വാമി വിവേകാനന്ദന്റെ കേരള സന്ദർശനത്തിന്റെ 125-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി സാഹിത്യ അക്കാദമി സാംസ്കാരികസമ്മേളനവും കലാവിരുന്നും സംഘടിപ്പിക്കുന്നു. 2017 നവംബർ 29 ബുധനാഴ്ച വൈകീട്ട് 5 മണിക്ക് സാഹിത്യ അക്കാദമി ബഷീർവേദിയിൽ നടക്കുന്ന **സ്വാമി വിവേകാനന്ദനും ഇന്ത്യൻ നവോത്ഥാനവും** എന്ന സാംസ്കാരികസമ്മേളനം ഉദ്ഘാടനം സ്വാമി നന്ദാത്മജാനന്ദ ഉദ്ഘാടനം ചെയ്യും. സാഹിത്യ അക്കാദമി പ്രസിഡണ്ട് വൈശാഖൻ അധ്യക്ഷത വഹിക്കും. ഡോ.കെ.ജി.പൗലോസ് മുഖ്യപ്രഭാഷണം നടത്തും. അക്കാദമി സെക്രട്ടറി ഡോ.കെ.പി.മോഹനൻ സ്വാഗതവും പുഷ്പജൻ കനാരത്ത് നന്ദിയും പറയും. തുടർന്ന് കേരള കലാമണ്ഡലം അവതരിപ്പിക്കുന്ന വിവിധ കലാപരിപാടികൾ അരങ്ങേറും.

**ഡോ.കെ.പി.മോഹനൻ**
സെക്രട്ടറി

പ്രിയ പത്രാധിപർ,

ഇതോടൊപ്പമുള്ള വാർത്ത താങ്കളുടെ പത്ര/മാധ്യമത്തിൽ സംസ്ഥാനതല പ്രാധാന്യത്തോടെ നൽകണമെന്നും 29.11.2017- ബുധനാഴ്ചയിലെ പത്രത്തിൽ 'ഇന്നത്തെ പരിപാടി' യിൽ ചേർക്കണമെന്നും അഭ്യർത്ഥിക്കുന്നു.

JM